പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 17

2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 17

2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 17

2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ട്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ട്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിനു് 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ആക്ട്റ്റ് എന്നു് പേരു് പറയാം.

(2) ഇതു് സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി പ്രാബല്യത്തിൽ വരുന്നതാണു്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലെ (1976-ലെ 19) (ഇതിനുശേഷം പ്രധാന ആക്ട്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),—

(എ) നിലവിലുള്ള (എഫ്എ) ഖണ്ഡം (എഫ്ബി) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും, അപ്രകാരം പുനരക്ഷരം ചെയ്ത (എഫ്ബി) ഖണ്ഡത്തിനു് മുൻപായി, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണു്, അതായതു്:—

"(എഫ്എ) "നീക്കം ചെയ്യൽ ഫീസ്" എന്നാൽ ഈ ആക്ട്റ്റ് പ്രകാരം പിടിച്ചെടുത്തു തടഞ്ഞു വച്ചിട്ടുള്ള വാഹനം യാർഡിലേക്ക് കൊണ്ടുപോകുന്നതിനുള്ള ഫീസ് എന്നർത്ഥമാകുന്നു;";

(ബി) (ജി) ഖണ്ഡത്തിനു് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണു്, അതായതു്:—

"(ജിഎ) "സംഭരണ ഫീസ്" എന്നാൽ ഈ ആക്ട് പ്രകാരം പിടിച്ചെടുത്തു തടഞ്ഞു വച്ചിട്ടുള്ള മോട്ടോർ വാഹനം സൂക്ഷിക്കുന്നതിന് ഈടാക്കുന്ന ഫീസ് എന്നർത്ഥമാകുന്നു;";

(സി) (കെ) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(കെഎ) "യാർഡ്" എന്നാൽ ഈ ആക്ട് പ്രകാരം പിടിച്ചെടുത്തു തടഞ്ഞു വച്ചിട്ടുള്ള വാഹനങ്ങൾ സൂക്ഷിക്കുന്നതിനു വേണ്ടിയുള്ള അംഗീകൃത യാർഡ് എന്നർത്ഥമാകുന്നു;".

3. 11-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിന്റെ 11-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ "ആ വാഹനത്തിന്റെ ഭദ്രമായ സൂക്ഷിപ്പിന്" എന്നീ വാക്കുകൾക്ക് പകരം "ആ വാഹനം യാർഡിൽ ഭദ്രമായി സൂക്ഷിക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു വാഹനം പിടിച്ചെടുക്കുകയും തടഞ്ഞു വയ്ക്കുകയും യാർഡിൽ ഭദ്രമായി കസ്റ്റഡിയിൽ സൂക്ഷിക്കുകയും ചെയ്യുന്നപക്ഷം, ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള യാർഡിൽ നിന്ന് പ്രസ്തുത വാഹനം വിട്ടുനൽകുന്നതിന് മുൻപ്, അത്തരം വാഹനത്തിൻമേൽ, അതുസംബന്ധിച്ചോ, നീക്കം ചെയ്യൽ ഫീസും സംഭരണ ഫീസും, നിർണ്ണയിക്കുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിരക്കിലും ഈടാക്കാവുന്നതാണ്.".

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലെ (1976-ലെ 19) 11-ാം വകുപ്പ് പ്രകാരം, സർക്കാർ അധികാരപ്പെടുത്തിയ മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സബ് ഇൻസ്പെക്ടർ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, നികുതി അടയ്ക്കേണ്ട ഒരു മോട്ടോർ വാഹനം നികുതി അടയ്ക്കാതെ സംസ്ഥാനത്തിനുള്ളിൽ ഉപയോഗിക്കപ്പെടുന്നുവെന്നോ ഉപയോഗത്തിനായി സൂക്ഷിച്ചിട്ടുണ്ടെന്നോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, ആ വാഹനം പിടിച്ചെടുക്കാവുന്നതും തടഞ്ഞു വയ്ക്കാവുന്നതും നികുതി നൽകുന്നതിനുള്ള തെളിവ് ഹാജരാക്കുന്നതുവരെ ആ വാഹനത്തിന്റെ ഭദ്രമായ സൂക്ഷിപ്പിന് ആവശ്യമായ ഏർപ്പാടുകൾ ചെയ്യാവുന്നതുമാണ്. പിടിച്ചെടുത്ത വാഹനങ്ങളുടെ സുരക്ഷിതമായ കസ്റ്റഡിക്ക് ആവശ്യമായ സൗകര്യങ്ങളുള്ള മതിയായതും അനുയോജ്യമായ സർക്കാർ ഭൂമി ഈ ആവശ്യത്തിനായി

ലഭ്യമല്ലാത്തതിനാൽ, പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുന്നില്ല. അതിനാൽ, കേരളത്തിലെ എല്ലാ താലൂക്കുകളിലും പിടിച്ചെടുത്തു തടഞ്ഞു വച്ചിരിക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനുള്ള അംഗീകൃത യാർഡുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 11-ാം വകുപ്പ് (1 എ) ഉപവകുപ്പ്, നീക്കം ചെയ്യൽ ഫീസ്, സംഭരണ ഫീസ് എന്നിവയുടെ നിരക്കും രീതിയും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ നിർമ്മിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടും കൂടിയതാണ്. കൂടാതെ, ചട്ടങ്ങൾ സംബന്ധിച്ച വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം, അതിനാൽ സാധാരണ സ്വഭാവത്തോട് കൂടിയതാണ്.

സി. പി. ജോൺ

//ശരിതർജ്ജമ//

1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1976-ലെ 19)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(എഫ്എ) "സ്ലീപ്പർ ബർത്ത്" എന്നാൽ ഒരു ബർത്ത് അല്ലെങ്കിൽ യാത്രക്കാരന്റെ സൗകര്യത്തിനനുസരിച്ച് ഒരു ബർത്ത് ആയി ക്രമീകരിക്കുകയോ പരിവർത്തനപ്പെടുത്തുകയോ ചെയ്യാവുന്ന ഒരു സീറ്റ് എന്നർത്ഥമാകുന്നു;

(ജി) " സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

** ** ** **

(കെ) "ട്രാൻസ്പോർട്ട് കമ്മീഷണർ" എന്നാൽ ഈ ആക്റ്റ് പ്രകാരം ട്രാൻസ്പോർട്ട കമ്മീഷണറുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനായി സർക്കാരിനാൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

** ** ** **

11. മോട്ടോർ വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും തടഞ്ഞുവയ്ക്കുന്നതിനും വിൽക്കുന്നതിനുമുള്ള അധികാരം.—(1) സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, നികുതി അടയ്ക്കേണ്ട ഒരു മോട്ടോർ വാഹനം നികുതി അടയ്ക്കാതെ സംസ്ഥാനത്തിനുള്ളിൽ ഉപയോഗിക്കപ്പെടുന്നുവെന്നോ ഉപയോഗത്തിനായി സൂക്ഷിച്ചിട്ടുണ്ടെന്നോ വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിൽ, ആ വാഹനം പിടിച്ചെടുക്കാവുന്നതും തടഞ്ഞുവയ്ക്കാവുന്നതും നികുതി നൽകിയതിനുള്ള തെളിവ് ഹാജരാക്കുന്നതുവരെ ആ വാഹനത്തിന്റെ ഭദ്രമായ സൂക്ഷിപ്പിന് ആവശ്യമായ ഏർപ്പാടുകൾ ചെയ്യാവുന്നതുമാണ്.

** ** ** **
